
# THE BIBLE TRUTH



# EXCELLENT OFFER
# ALMOST FREE !

Receive 20 Attractive All New Books, Worth More Than Rupees Two Hundred, By Sending Rupees Thirty Only. (This is Mailing & Forwarding Charges Only) Good For Preachers, Teachers, And Students Of The Bible.

Also Available Are 20 Books In Hindi Just Fo Rupees Twenty Only.

All Books Are Mailed Free Of Charge. Send By M O Only, Which Should Be Addressed To:

**Editor,**
**THE BIBLE TEACHER**
**C-22, N. D. S E. II**
**NEW DELHI-110049.**

## നോട്ടീസ്

ആർക്കെങ്കിലും മാസിക കിട്ടാതെ വരുമ്പോൾ, നിങ്ങൾ സ്ഥലം മാറുമ്പോൾ, മാസിക വേണ്ടെന്നുള്ളവർ എല്ലാ കത്തിടപാടുകളിലും നിങ്ങളുടെ അഡ്രസിന്റെ മുകളിൽ കൊടുത്തിരിക്കുന്ന നമ്പർ വ്യക്തമായി എഴുതിയിരിക്കണം. പുതിയ അഡ്രസ് എഴുതുമ്പോൾ അതു വലിയ അക്ഷരത്തിൽ എഴുതിയിരിക്കണം. പഴയ കോപ്പികൾ മാസങ്ങൾക്കു ശേഷം ആവശ്യപ്പെട്ടാൽ ലഭിക്കുന്നതല്ല.

ലേഖനങ്ങളും കവിതകളും അയക്കുമ്പോൾ അതോടൊപ്പം അതു നിങ്ങളുടേതു തന്നെ എന്നു കാണിക്കുന്ന സാക്ഷ്യപത്രവും പൂർണ്ണവിലാസവും ഉണ്ടായിരിക്കണം. പ്രസിദ്ധീകരണയോഗ്യമെങ്കിൽ മാത്രം പ്രസിദ്ധീകരിക്കുന്നതാണ്.

വായനക്കാരുടെ എല്ലാവരുടേയും ഹൃദയം നിറഞ്ഞ സ്നേഹത്തിനും പ്രോത്സാഹനത്തിനും നന്ദി. വെറും വായനക്കാർ മാത്രമായിരിക്കാതെ വചനം പ്രായോഗികമാക്കി തീർക്കുക.

-- എഡിറ്റർ

# ബൈബിൾ ട്രൂത്ത്

Editors

P. K. VARGHESE J. C. CHOATE

000 000 000

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

Vol. 10 April 1996 No. 1

## എഡിറേറാറിയൽ

ആത്മീയതയെ തെററിദ്ധരിച്ചിരിക്കുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നതു. ഉപഗ്രഹസംപ്രേക്ഷണവും ആശയ വിനിമയവും എല്ലാം കണ്ടുപിടിക്കയും ഉപയോഗിക്കയും ചെയ്യുന്ന ആധുനിക മനുഷ്യർക്കിടയിലും തെററിദ്ധാരണ നിലവിലുണ്ട്. ചിലരുടെ കഴിവുകളെ ചോദ്യം ചെയ്യുന്നു, പ്രവൃത്തികളെ ചോദ്യം ചെയ്യുകയോ സംശയം ജനിപ്പിക്കയോ ചെയ്യാറുണ്ട്. മററു ചിലരുടെ ആത്മാർത്ഥതയെ ചോദ്യംചെയ്യുന്നു. ഇങ്ങനെ പല രീതിയിൽ പണ്ടു മുതൽ ഇന്നു വരെ മനുഷ്യർ മനുഷ്യരെപ്പോലും മനസിലാക്കാതിരിക്കുന്നു. പിന്നെ മനുഷ്യർ ദൈവത്തെ മനസിലാക്കാതിരിക്കയും സംശയിക്കയും ചെയ്യുന്നതിൽ അത്ഭുതമില്ല. എങ്കിലും ദൈവത്തോടു അടുക്കുന്നതിനും വിശ്വസിക്കുന്നതിനും പരിശോധിക്കാവുന്നതും തിരിച്ചറിയാവുന്നതുമായ ധാരാളം തെളിവുകൾ ഉണ്ട്. യേശുക്രിസ്തുവിനെ തെററിദ്ധരിച്ച യെഹൂദന്മാർക്കു ദൈവരാജ്യം വിദൂരെയായി. അവന്റെ ഉപദേശത്തെയും ഇന്നു ആളുകൾ തെററിദ്ധരിക്കയാണ്. പൂർണ്ണമായ വിശ്വാസമാണ് ആവശ്യം. ഉപദേഷ്ടാക്കന്മാരെ സംശയിക്കുന്നവരുമുണ്ട്. എല്ലാം തെററിദ്ധാരണ വെച്ചുപുലർത്തുന്നതുകൊണ്ടാണ്. ദൈവത്തിൽ പൂർണ്ണമായ ആശ്രയം ഉള്ളവർ സംശയിക്കയില്ല.

അടിസ്ഥാനപരമായ ഈ ഒരു അവസ്ഥാ വിശേഷം ഏതൊരാളിൽ കാണുന്നുവോ അയാൾ ദൈവത്തിൽ നിന്നു അനുഗ്രഹം പ്രാപിക്കും. വിശ്വാസത്തിൽ നിന്നു ഉത്ഭ

വിക്കാത്തതെന്തും പാപമെന്നു ദൈവം തന്റെ വചനത്തിൽ വെളിപ്പെടുത്തുന്നു (റോമർ 14:23). ദൈവത്തെ സംശയിക്കുന്നവരാണ് സഹമനുഷ്യരെയും സദാ സംശയിക്കുന്നതു. തങ്ങളുടെ മാനസികമായ വികാരങ്ങൾ വിശ്വാസജീവിതവുമായി ബന്ധിപ്പിക്കുന്നവരുണ്ട്. അവരിലും എപ്പോഴും കടന്നു കൂടാറുള്ള ഒന്നാണ് തെറ്റിദ്ധാരണ. പണ്ടുണ്ടായ തങ്ങളുടെ ജീവിതാനുഭവങ്ങളും ഇതിനു കാരണമായി തീരണം. എങ്ങനെയായാലും സംശയം ഒരു മാരകമായ രോഗമാണ്. ആത്മാവിനെ നശിപ്പിക്കുന്ന ഒന്നാണ്. ഇന്നു സമൂഹത്തിൽ ഇതു വിതച്ചിരിക്കുന്നതു ആദ്യമെന്നപോലെ പിശാചാണ്. ദൈവത്തേയും മനുഷ്യരേയും തമ്മിൽ തെറ്റിദ്ധരിപ്പിക്കയാണല്ലോ പിശാച് ആദ്യം ചെയ്യുന്നതു. ദൈവത്തെ തെറ്റിദ്ധരിപ്പിക്കാൻ സാദ്ധ്യമല്ല. പിന്നെയുള്ളതു മനുഷ്യരാണ്. അവർക്കു സംശയത്തിന്റെ വിത്തു പാകികൊടുത്തു. അങ്ങനെ ദൈവത്തിന്റെ കല്പനയെ തെറ്റിദ്ധരിച്ച ആദാമും ഹവ്വയും വീണുപോയി.

ഇന്നും ഭൂരിഭാഗം ആളുകളും വീണുപോയിരിക്കുന്നതു യേശുക്രിസ്തുവിന്റേയും അപ്പൊസ്തലന്മാരുടെയും ഉപദേശങ്ങളെ തെറ്റിദ്ധരിച്ചിരിക്കുന്നതുകൊണ്ടാണ്. അതിനു ധാരാളം വിവിധങ്ങളായ ഉപദേശങ്ങൾ കാരണമായി തീർന്നു. ഏതാണ് വിശ്വസിക്കേണ്ടതു? ആരു പറയുന്നതാണു ശരി എന്ന പരിഭ്രാന്തിയിലാണു ജനം. കലക്കി കളഞ്ഞിരിക്കുന്നതു പിശാചാണ്. ഇതിൽ നിന്നു മോചനമാർഗ്ഗമുണ്ട്. കർത്താവിന്റെ വചനത്തിൽ മാത്രം വിശ്വാസം അർപ്പിക്കുക പാരമ്പര്യത്തിലോ മനുഷ്യരുടെ പ്രമാണങ്ങളിലോ ബൈബിളിൽ ഇല്ലാത്ത മറ്റൊന്നിലോ ആശ്രയം വെക്കാതിരിക്കുക.

# ആരാധനയിൽ ചോദ്യം ചെയ്യാവുന്നവ

**J.C. ചോട്ട്**

കർത്താവിന്റെ വഴിയിൽ മാത്രം ഒതുങ്ങി കാര്യങ്ങൾ ചെയ്യാൻ മനുഷ്യൻ തയ്യാറാകുന്നില്ല. അവൻ എല്ലായ്പ്പോഴും ചോദ്യം ചെയ്യുകയും, പരിചയപ്പെടുത്തുകയും, പരീക്ഷണ വിധേയമാക്കുകയും ചെയ്യും. ദൈവം അവരോടു ചെയ്യാൻ പറഞ്ഞിരിക്കുന്ന മാർഗ്ഗം വിട്ടുകൊണ്ടാണ് അങ്ങനെ ചെയ്യുന്നതു. ഇതിന്റെ നല്ലൊരു ഉദാഹരണമാണ് ആരാധനയിൽ സംഭവിക്കുന്നത്.

ദൈവേഷ്ടം മനസിലാക്കി ദൈവത്തെ സത്യത്തിലും ആത്മാവിലും ആരാധിക്കുവാനാണ് നമ്മോടു പറഞ്ഞിരിക്കുന്നതു (യോഹന്നാൻ 4:24). എന്നാൽ മിക്കവാറും പേർ ഇതിനെ പരിമിതമാക്കാറാണ് പതിവ്. ആകയാൽ അവർ മനുഷ്യരുടെ ഉപദേശങ്ങളും കല്പനകളും അനുസരിച്ചു കൊണ്ടു ദൈവത്തെ ആരാധിക്കയും (മത്തായി 15:9). യാന്ത്രിക സംഗീതം, തപ്പുകൊട്ടൽ, കിട്ടാവുന്ന ആധുനിക ഉപകരണങ്ങൾ എല്ലാം ഓരോ ശബ്ദം പുറപ്പെടുവിക്കുന്നെങ്കിൽ അതെല്ലാം ഉപയോഗിച്ച് പാട്ടു പാടാനും ആഗ്രഹിക്കുന്നു. തങ്ങളുടെ അഭിരുചിയും വാസനയും അവർ ഇങ്ങനെയുള്ള കാര്യങ്ങളിൽ ഉപയോഗിക്കുന്നു.

ഇവിടെ എന്താണ് തെററ് ? നാം വാസ്തവത്തിൽ ദൈവത്തെ പ്രസാദിപ്പിക്കാനാണോ അതോ നമ്മെ തന്നെ പ്രീതിപ്പെടുത്താനും മററുള്ളവരെ രസിപ്പിക്കുന്നതിനുമാണോ അതു ഉപയോഗിക്കുന്നത് ? പലരും മറന്നുപോകുന്നതു ഈ കാര്യങ്ങളെ തരംതിരിച്ചു കാണാത്തതുകൊണ്ടാണ്.

നാം ആരാധനക്കു വരുമ്പോൾ, നാം ഹൃദയത്തിൽ കർത്താവിനു പാട്ടുപാടി സ്തുതിക്കാൻ കർത്താവു പറഞ്ഞിരിക്കുന്നു (എഫേസ്യലേഖനം 5:19). എന്നാൽ ഈ യാന്ത്രികഉപകരണങ്ങൾ പാട്ടുപാടുമ്പോൾ ഉപയോഗിക്കുന്നതിലുള്ള തെററ് എന്താണ്? ശരിയായി ഉപയോഗിച്ചാൽ തെററില്ല. തണുത്ത നിർജ്ജീവമായ ഉപകരണങ്ങൾ ഉപയോഗിച്ച് പാട്ടുപാടുവാൻ ദൈവം ആഗ്രഹിച്ചിരുന്നുവെങ്കിൽ അതു പുതിയനിയമത്തിൽ പറയുമായിരുന്നു. നാം അതു ആരാധനക്കു ഉപയോഗിക്കാത്തതിന്റെ കാരണവും മറെറാന്നല്ല. നാം ചെയ്യുന്നതു ദൈവത്തെ പ്രസാദിപ്പിക്കുന്നതിനാണെങ്കിൽ അതു ദൈവത്തിന്റെ ഇഷ്ടപ്രകാരം ആയിരിക്കണം. ദൈവഹിതം വെളിപ്പെടുത്തിയിരിക്കുന്നതു ഇപ്പോൾ നിലവിലുള്ള നിയമമായ പുതിയ നിയമത്തിലാണ്. അതിൽ പറഞ്ഞിരിക്കുന്നതു വായിച്ച് മനസിലാക്കി അതിൽ തൃപ്തിയടയുവാനാണ് നാം ശ്രമിക്കേണ്ടത്.

പാട്ടുപാടുമ്പോൾ ചിലർ രണ്ടുകൈയും കൂട്ടിഅടിച്ചു പാടാറുണ്ട്. മററു ചിലർ തമ്പേർ മുതലായ വാദ്യ ഉപകരണങ്ങൾ മൂലം താളം കൊഴുപ്പിച്ച് പാട്ടിന്റെ ലയം രസിപ്പിക്കാറുണ്ട്. ഇവ രണ്ടും ഒരേ ഫലമാണ് ഉളവാക്കുന്നത്. കർത്താവിനു ഹൃദയത്തിൽ പാട്ടുപാടി സ്തുതിക്കുന്നതിനു അപ്പുറമായി ചിലതു ചെയ്യുന്നു എന്ന പ്രത്യേകതയാണ് ഇതിൽ എടുത്തു പറയുവാനുള്ളതു. എന്നാൽ കൈയടിയിൽ ആവേശം ഉണർത്തുകയും വർദ്ധിപ്പിക്കയും ചെയ്യുന്നതായി കാണാം. വിനോദരസം വരുത്തി എല്ലാവരേയും ഉത്തേജിപ്പിക്കയാണ് ചെയ്യുന്നത്. ഈ ശബ്ദങ്ങൾക്കിടക്കു പാട്ടു പാടലിൽ ഉൾപ്പെട്ടിട്ടുള്ള വാക്കുകളും മുങ്ങിപ്പോകും. ദൈവം ആഗ്രഹിക്കുന്ന ആരാധനാരീതിയല്ല ഇതു എന്നു നിസംശയം പറയാവുന്നതാണ്. തിരുവെഴുത്തുകളിൽ ഇത്തരത്തിൽ കയ്യടിച്ചോ ഉപകരണങ്ങൾ ഉപയോഗിച്ചോ പാട്ടുപാടി ദൈവത്തെ മഹത്വപ്പെടുത്തുന്നതായി പുതിയ നിയമത്തിൽ വായിക്കാൻ സാദ്ധ്യമല്ല. ദൈവത്തെ നമസ്ക്കരിച്ച ധാരാളം ഉദാഹരണങ്ങൾ

ബൈബിളിലെ ചരിത്ര പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അവയിൽ ഒന്നും മുകളിൽ സൂചിപ്പിച്ചമാതൃകയിലുള്ള വാദ്യത്തോടു കൂടിയ സംഗീതം കാണുന്നില്ല.

എന്നാൽ ആരാധനയിൽ യാന്ത്രിക ഉപകരണങ്ങളുടെ ശബ്ദമോ? നാം അതു ഉപയോഗിക്കണമെന്നു ദൈവം ഇച്ഛിച്ചിരുന്നെങ്കിൽ, തൻെറ സന്ദേശത്തിൽ അതു ഉൾപ്പെടുത്തുമായിരുന്നു എന്നതിനു തർക്കമില്ല. നമ്മുടെ ജീവനും ഭക്തിക്കും വേണ്ടതു ഒക്കെയും അവൻ വെളിപ്പെടുത്തിയിരിക്കുകയാണ് (2പത്രൊസ് 1:3). മനുഷ്യശബ്ദത്തോടു കൂടെ ഇവ ഉപയോഗിച്ചാലുള്ള തെററ് എന്താണ്? മനുഷ്യനിർമ്മിതമായ ഈ ഉപകരണങ്ങൾ കൃത്രിമ ശബ്ദം പുറപ്പെടുവിക്കുന്നതിലേക്കു തിരിയുന്നു. മററൊന്ന്, അവർ ഇതു ചെയ്യുന്നതു കർത്താവിൻെറ അംഗീകാരത്തോടെ അല്ല എന്നതാണ്. ആത്മിക വർദ്ധനവിനു വേണ്ടി നല്കപ്പെട്ട പാട്ടുപാടൽ, പ്രബോധനത്തിനും പഠിപ്പിക്കലിനും വേണ്ടിയുള്ള വാക്കുകൾ അടങ്ങുന്ന പാട്ടുകളായിരിക്കണം. അതിൽ കൂടെ പുറപ്പെടുന്ന വാക്കുകൾ ആശയ വിനിമയം വരുത്തുന്നതായിരിക്കണം. ഈ ഉദ്ദേശങ്ങൾക്കു വേണ്ടിയാണ് പാട്ടു പാടുവാൻ ദൈവ വചനത്തിൽ പറഞ്ഞിരിക്കുന്നത്.

ദൈവത്തെ നാം എങ്ങനെ നമസ്കരിക്കണമെന്നു അവനു ഒരു പദ്ധതി ഉണ്ട്. അതു വളരെ വ്യക്തമായി വെളിപ്പെടുത്തിയിട്ടുമുണ്ട്. അതു പുതിയതോ വ്യത്യസ്ഥമായതോ അല്ല. അടുത്തകാലത്തു കണ്ടുപിടിക്കപ്പെട്ട ഒരു പുതിയ ശൈലിയുമല്ല ഇതു. മറിച്ച് ഈ തരത്തിൽ ദൈവത്തിനു ആദരവും പുകഴ്ച്ചയും നല്കുക എന്നത് കർത്താവിനാൽ നൽകപ്പെട്ട തിരുവചനത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ഒന്നാകുന്നു. കർത്താവിനു അതിൽ മടുപ്പ് അനുഭവപ്പെടുന്നില്ല. മനുഷ്യർക്കാണ് ഉണർവ്വ് പോരാ, ജീവൻ പോരാ എന്നൊക്കെ വിചാരിച്ച് ചില മാററങ്ങൾ

വരുത്തുന്നതു. ദൈവം തന്റെ ഇഷ്ടത്തെ ആ രീതിയിൽ മാററുന്നില്ല എന്നോർക്കണം. നാം ബുദ്ധിയുള്ളവരാണെങ്കിൽ കർത്താവിന്റെ കല്പനയനുസരിച്ച് അഥവാ അവന്റെ ഇഷ്ടത്തെ മാനിച്ച് നാം അവനെ ആരാധിക്കും. നാം അതു ഹൃദയപൂർവ്വം ചെയ്യുന്നുണ്ടെങ്കിൽ അതു പഴഞ്ചനായോ മടുപ്പ് ഉണ്ടാക്കുന്നതായോ നമുക്കു തോന്നുകയില്ല. പിന്നെയോ അതു എല്ലായ്പ്പോഴും നമുക്കു പുതുക്കവും ആവേശവും നൽകിക്കൊണ്ടിരിക്കും. കാരണം നാം കർത്താവിന്റെ വഴിയിൽ അവനെ പ്രസാദിപ്പിക്കുവാനാണല്ലോ ഇതു ചെയ്യുന്നതു.

ദൈവം തന്റെ വിശുദ്ധ രേഖകളിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളിൽ ഒതുങ്ങി നിൽക്കുവാനാണ് നാം പഠിക്കേണ്ടത്. എഴുതിയിരിക്കുന്നതിനു അപ്പുറം ഭാവിച്ച് ഉയരാൻ നോക്കരുത്. അതു ദൈവസന്നിധിയിൽ കുററകരമായി തീരും. നാം ക്രിസ്തുവിൽ ജീവിക്കുന്നവരായിരിക്കണം ശാരീരിക ഇച്ഛക്കോ വികാരത്തിനോ നാം കീഴ്പ്പെടരുത്. ആത്മാവിനെ കരുതി ആത്മാവിന്റെ രക്ഷയെ വിചാരിച്ച് വേണം നാം ആത്മീയ ജീവിതം നയിക്കുവാൻ. നമുക്ക് ഉണർവ്വ് ആവശ്യമാണ്, ആവേശം ആവശ്യമാണ്. നമ്മുടെ ആരാധന ജീവൻ തുടിക്കുന്നതായിരിക്കണം. പക്ഷെ അതു കൃത്രിമമാകരുത്. ഹൃദയത്തിൽ നിന്നു പുറപ്പെടുന്ന ഒന്നായിരിക്കണം. ഹൃദയത്തിൽ ദൈവത്തെ ധ്യാനിച്ചുകൊണ്ട് പുറപ്പെടുന്ന വാക്കുകൾ ദൈവത്തിനു സ്വീകാര്യമുള്ളതായിരിക്കണം. ദൈവം ഏതു രീതിയിൽ ആവശ്യപ്പെട്ടിരിക്കുന്നുവോ ആ രീതിയിൽ നമുക്ക് ദൈവത്തെ ആരാധിക്കുവാൻ വിഷമം ഒന്നുമില്ലല്ലോ. ദൈവം നമ്മെ ഓരോരുത്തരേയും അതിനു പ്രാപ്തി നൽകി അനുഗ്രഹിക്കട്ടെ.

★

കവിത

# കൂടാരം

E. K. കുഞ്ഞുകുഞ്ഞ്, തേപ്പുപാറ

കൂടാരമാകുന്ന ഭൗമ ഭവനമേ,
നാശം ഭവിക്കുമെന്നാരു പറഞ്ഞത്
വേദം പറയുന്ന വേദചുരുളുകൾ
നന്നായ് പുരട്ടുക വായിച്ചറിയുക.

കൈപ്പണിയില്ലാത്ത നിത്യ ഭവനമോ
സ്വർഗ്ഗത്തിലുണ്ടെന്ന സന്തോഷമെപ്പൊഴും
എന്നെ തഴുകുന്നു സാന്ത്വനമേകുന്നു
സ്വർഗ്ഗ കവാടം എനിക്കു തുറക്കുമേ,

പൊട്ടിക്കരയുവാൻ മാത്രമെനിക്കൊരു
ചെററക്കരിഞ്ചോല കിട്ടിയതോർക്കുകിൽ
ചുററിക്കറങ്ങി ഞരങ്ങി പതുക്കവേ
കൂടാരവാസം മതിയാക്കും നിശ്ചയം.

കുന്തം കണക്കേ മുറിക്കുന്ന മുള്ളുകൾ
വാക്കുകളാലവേ കുത്തിമുറിക്കുന്നു
കാതുള്ളവൻ പിന്നെ കേൾക്കാൻ തുനിഞ്ഞപ്പോ
കൂടാരമെന്നത് കൂടെ തകരുമേ.

കുററം പറയുന്ന വഞ്ചകകൂട്ടങ്ങൾ
ഒത്തു കളിക്കുന്ന പാഴ് മരുഭൂമിയിൽ
എന്തിനു തങ്ങുവാൻ കൂടാരമെന്നത്
ചിന്തിച്ചു നോക്കുകിലന്തം തുളയ്ക്കുമേ.

★

# ചതഞ്ഞ ഓടയിൽ ആശ്രയിക്കൽ

D. തർമാൻ

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

## തകർന്ന ഓടയായ ധാർമ്മികത്വത്തിൽ ആശ്രയിക്കൽ

ദൈവത്തിന്റെ വചനത്തിൽ ധാരാളം നിർദ്ദേശങ്ങൾ കൊടുത്തിട്ടും പുരുഷാരം ഇന്നു ധാർമ്മികമായ ചതഞ്ഞ ഓടയിൽ വിശ്വാസം അർപ്പിക്കുന്നുണ്ട്. ധാർമ്മികത്വം തങ്ങളെ രക്ഷിക്കുമെന്നു കരുതി തങ്ങളെത്തന്നെ ന്യായീകരിക്കുന്നവർ പറയാറ് ഞാൻ ആ സഭയിലെ അവരെ പോലെ തന്നെയാണ്. അല്ലെങ്കിൽ അവരെക്കാളും ഞാൻ നല്ല ജീവിതം നയിക്കുന്നുണ്ട് എന്നാണ്. ഞാൻ നിത്യനരകത്തിൽ പോകുവാൻ തക്കവണ്ണം അത്ര ദുഷ്ടതയൊന്നും ചെയ്തിട്ടില്ല എന്നും അവർ കരുതുന്നു. ഞാൻ നല്ലൊരു അയൽക്കാരനും, പിതാവും, സ്നേഹിതനും, ഭർത്താവും അല്ലെങ്കിൽ മാതാവും ഭാര്യയുമൊക്കെയാണ്. അപ്പോൾ പിന്നെ ഞാൻ എങ്ങനെ നഷ്ടപ്പെട്ടു പോകും? പക്ഷെ ഇതിലെല്ലാം ദൈവത്തെ അവഗണിച്ചിരിക്കയാണ്. ബുദ്ധിമാനായിരുന്ന ശലോമോൻ പറയുന്നതു: "എല്ലാററിന്റെയും സാരം കേൾക്ക; ദൈവത്തെ ഭയപ്പെട്ടു അവന്റെ കല്പനകളെ പ്രമാണിച്ചുകൊൾക; അതാകുന്നു സകല മനുഷ്യർക്കും വേണ്ടുന്നതു. ദൈവം നല്ലതും തീയതുമായ സകല പ്രവൃത്തിയേയും സകല രഹസ്യങ്ങളുമായി ന്യായവിസ്താരത്തിലേക്കു വരുത്തുമല്ലൊ (സഭാപ്രസംഗി 12: 13-14). തന്റെ നന്മയുടെ മാനദണ്ഡത്തിൽ ആർക്കും ദൈവത്തിന്റെ ന്യായവിസ്താര സമയത്തു അവനെ നേരിടുവാൻ കഴിയുകയില്ല. ധാർമ്മിക മൂല്യം ദൈവത്തെ മാററിനിർത്തിയാൽ ദുർബ്ബലമായ ഓടയിൽ ചാരിനിൽക്കുന്നതുപോലെയാണ്. "നീതിമാൻ ആരുമില്ല, ഒരുത്തൻ

പോലുമില്ല. സകലരും പാപം ചെയ്തു ദൈവതേജസ് ഇല്ലാത്തവരായി തീർന്നു'' (റോമർ 3:10). പാപത്തിന്റെ അവസാനഫലം മരണമത്രെ. ''പാപത്തിന്റെ ശമ്പളം മരണമത്രേ; ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ തന്നേ''; (റോമർ 6:23). ധാർമ്മികതയെ മുറുകെ പിടിക്കാതെ ദൈവത്തിങ്കലേക്കു തിരിയുക.

ക്രിസ്തുവിലുള്ള രക്ഷ കണ്ടെത്തുവാൻ ഓരോരുത്തരും ശ്രമിക്കേണ്ടതാണ്. പൌലൊസ് രേഖപ്പെടുത്തിയിരിക്കുന്നതു: അതുകൊണ്ടു ക്രിസ്തു യേശുവിലുള്ള രക്ഷ നിത്യതേജസ്സോടുകൂടെ വൃതന്മാർക്കു കിട്ടേണ്ടിയിരുന്നു ഞാൻ അവർക്കായി സകലവും സഹിക്കുന്നു (2തിമൊഥെയോസ് 2:10). കൊർണെല്യോസിനോളം നന്മയുള്ള ഏതൊരു വ്യക്തിയുണ്ട്? ''അവൻ ഭക്തനും തന്റെ സകല ഗൃഹത്തോടും കൂടെ ദൈവത്തെ ഭയപ്പെടുന്നവനുമായി ജനത്തിനു വളരെ ധർമ്മം കൊടുത്തും എപ്പോഴും ദൈവത്തോടു പ്രാർത്ഥിച്ചും പോന്നു'' (പ്രവൃത്തി 10:2). എന്നിട്ടും അവന്റെ അടുക്കൽ ശീമോൻ പത്രോസ് ചെല്ലേണ്ടതായി വന്നു. അവൻ രക്ഷിക്കപ്പെടേണ്ടതിനുള്ള വാക്കുകൾ അവനോടും അവന്റെ ഗൃഹത്തിലുള്ളവരോടും അറിയിച്ചു (പ്രവൃത്തി 11:13-14). ഈ മനുഷ്യനേക്കാൾ വലിയ ധാർമ്മികതയുള്ളവരെ പററി ഞാൻ കേട്ടിട്ടില്ല. അവൻ ദൈവവചനം കേൾക്കേണ്ടിയിരുന്നു; കേട്ടിട്ട് വിശ്വസിക്കയും തുടർന്നു സ്നാനം ഏൽക്കയും ചെയ്യേണ്ടിയിരുന്നു. സ്നേഹിതാ നിങ്ങൾ ചാരിയിരിക്കുന്നതു ചതഞ്ഞ ഓടയിലാണോ ?

## മനസാക്ഷി ഒരു ചതഞ്ഞ ഓട

പലപ്പോഴും പറഞ്ഞു കേൾക്കാറുള്ള ഒന്നാണ് ''നല്ല മനസാക്ഷിയുള്ളവരായി ജീവിച്ചാൽ മതിയെന്ന്''. അത് എത്രത്തോളം ശരിയാണ് എന്ന് അവർ ചിന്തിക്കാറില്ല.

അപ്പൊസ്തലനായ പൗലൊസ് പറയുന്നതു അവൻ ചെയ്തതെല്ലാം നല്ല മനസാക്ഷിയോടു കൂടെ തന്നെയാണ് (പ്രവൃത്തി 23:1). പിന്നെയും അവൻ പറയുന്നതു അതുകൊണ്ടു എനിക്കു ദൈവത്തോടും മനുഷ്യരോടും കുററമില്ലാത്ത മനസാക്ഷി എല്ലായ്പ്പോഴും ഉണ്ടായിരിക്കാൻ ഞാൻ ശ്രമിക്കുന്നു (പ്രവൃത്തി 24:16). ആ സമയമെല്ലാം അവൻ ചെയ്ത പ്രവൃത്തികളെ ഏററുപറയുന്നുമുണ്ട്. "നസറായനായ യേശുവിൻെറ നാമത്തിനു വിരോധമായി പലതും പ്രവർത്തിക്കേണം എന്നു ഞാനും വിചാരിച്ചു സത്യം. അതു ഞാൻ യെരുശലേമിൽ ചെയ്തിട്ടുമുണ്ട്. മഹാപുരോഹിതന്മാരോടു അധികാര പത്രം വാങ്ങി വിശുദ്ധന്മാരിൽ പലരെയും തടവിലാക്കി അടച്ചു. അവരെ നിഗ്രഹിക്കുന്ന സമയം ഞാനും സമ്മതം കൊടുത്തു (പ്രവൃത്തി 26:4-10). മുമ്പെ ഞാൻ ദൂഷകനും ഉപദ്രവിയും നിഷ്ഠുരനും ആയിരുന്നു. എങ്കിലും അവിശ്വാസത്തിൽ അറിയാതെ ചെയ്തതുകൊണ്ടു കരുണ ലഭിച്ചു എന്ന് ഏററു പറഞ്ഞിരിക്കുന്നു (1തിമൊഥെയൊസ് 1:13). നല്ല മനസാക്ഷിയോടെ ജീവിച്ച് പാപം ചെയ്തവനായിരുന്നു പൌലൊസ്. അങ്ങനെയുള്ള പൌലൊസിനും സുവിശേഷം കേട്ട് വിശ്വസിച്ച് സ്നാനം ഏററു പാപങ്ങൾ കഴുകികളയേണ്ടിയിരുന്നു. ക്രിസ്തുവിലുള്ള രക്ഷ തിരിച്ചറിഞ്ഞ പൌലൊസ് ആണ് വെളിപ്പെടുത്തിയിരിക്കുന്നത് (2തിമൊഥെയോസ് 2:10; എഫെസ്യർ 1:3).

★

# നിങ്ങളുടെ മനോഭാവമോ ?

## ഡില്ലാർഡ് തർമാൻ

ചില യെഹൂദന്മാരോടു പൌലൊസ് പറഞ്ഞു: ദൈവ വചനം ആദ്യം നിങ്ങളോടു പറയേണ്ടതു ആവശ്യമായിരുന്നു. എന്നാൽ നിങ്ങൾ അതിനെ തള്ളി നിങ്ങളെത്തന്നെ നിത്യജീവനു അയോഗ്യർ എന്നു വിധിച്ചുകളയുന്നതിനാൽ ഇതാ, ഞങ്ങൾ ജാതികളിലേക്കു തിരിയുന്നു (പ്രവൃത്തി 13:46). ആ കാലത്തും ദൈവ വചനത്തെ തള്ളിക്കളഞ്ഞ ആളുകൾ ഉണ്ടായിരുന്നു. ആളുകൾ ദൈവ വചനം സ്വീകരിക്കാതെ അവഗണിക്കുന്നതുകൊണ്ടു നാണിക്കേണ്ട സ്ഥിതിയില്ല. പൌലൊസിന്റെ മനോഭാവം വ്യക്തമാക്കുന്നത് അവന്റെ തുറന്ന പ്രസ്താവനകളാണ്. "സുവിശേഷത്തെക്കുറിച്ചു എനിക്കു ലജ്ജയില്ല; വിശ്വസിക്കുന്ന ഏവനും ആദ്യം യെഹൂദനും പിന്നെ യവനനും അതു രക്ഷക്കായി ദൈവശക്തിയാകുന്നുവല്ലൊ" (റോമർ 1: 16). പൌലൊസ് തന്റെ ജീവിതം സുവിശേഷത്തിനായി നിലനിർത്തി. ദൈവത്തിന്റെ ആലോചന ഒട്ടും മറച്ചു വെക്കാതെ സംസാരിച്ചവനായിരുന്നു അവൻ (പ്രവൃത്തി 20:27). അതിന്റെ മാഹാത്മ്യം നല്ലതുപോലെ മനസ്സിലാക്കി എല്ലാ കാലത്തും ആ സന്ദേശത്തോടു മാന്യത പുലർത്തുകയും ചെയ്തു (1കൊരിന്ത്യർ 15:1-3).

എന്നാൽ മതപരമായിട്ടുള്ള എന്റെ സ്നേഹിതരേ, നിങ്ങൾ ഇന്നും പദവികളിൽ ആണെങ്കിൽ, ഈ സന്ദർഭത്തിൽ നിങ്ങളുടെ മനോഭാവം എന്തായിരിക്കും എന്നു ചിന്തിച്ചുനോക്കുക. നിങ്ങൾ പ്രഖ്യാപിച്ചുകൊണ്ടിരിക്കുന്നതിനു എതിരെ ദൂഷണങ്ങളും ഉപദ്രവങ്ങളും തുടർച്ചയായി ഉണ്ടാകുമ്പോൾ നിങ്ങളുടെ പ്രഖ്യാപനങ്ങൾ തള്ളിപ്പറയാൻ നിങ്ങൾ തയ്യാറാകുമോ? സുവിശേഷം നിമിത്തം നിങ്ങളെ പീഡിപ്പിച്ച്, ക്ഷീണിതനായി കടവിലാക്കപ്പെടു

പോരം നിങ്ങളുടെ മനോഭാവം മാറുമോ? ഇന്നത്തെ ആധുനിക മനുഷ്യരിലേക്കു ഈ ചോദ്യം നമുക്കു കൈമാറാം. അവരുടെ പ്രതികരണം എന്തായിരിക്കുമെന്ന് ആലോചിക്കട്ടെ.

യേശുക്രിസ്തു നിങ്ങളുടെ സമൂഹത്തിൽ വന്നു വ്യക്തിപരമായി സഭ സ്ഥാപിച്ചോ? പിന്നെ അവൻ സഭയെ സ്നേഹിക്കയും തന്നെത്താൻ സഭക്കുവേണ്ടി ഏൽപ്പിച്ചുകൊടുക്കയും ചെയ്തു എന്നു പറഞ്ഞാൽ അതിന്റെ അർത്ഥമെന്താണ്? (എഫെസ്യർ 5:25), യേശു തന്റെ രക്തം കൊടുത്തു സമ്പാദിച്ച ദൈവത്തിന്റെ സഭയെക്കുറിച്ചു സംസാരിച്ചുവെങ്കിലോ? (പ്രവൃത്തി 20:28). അവനെ അനുഗമിച്ച തന്റെ ശിഷ്യന്മാർ ലോകത്തിലെങ്ങും സഞ്ചരിച്ചു മഹത്വം കൊടുത്തതു ഈ സഭയിൽ ആയിരുന്നു എന്ന് ഓർക്കുക. സത്യത്തിന്റെ തൂണും അടിസ്ഥാനവുമായി ജീവനുള്ള ദൈവത്തിന്റെ ആലയമാണ് അത് (1തിമൊഥെയോസ് 3:15). ഈ വെളിപ്പാട് അനുസരിച്ചു ഈ ഏകസഭയിലേക്ക് തിരിയുവാൻ നിങ്ങൾ തയ്യാറാകുമോ? അതോ എല്ലാ സഭകളും ഒരുപോലെയാണ് എന്ന വാദഗതിയിൽ ഒതുങ്ങി നിൽക്കുമോ? സഭക്ക് അകത്ത് ഒരാൾക്കു രക്ഷ പ്രാപിക്കാൻ കഴിയുന്നതുപോലെ സഭക്കു പുറത്തും രക്ഷ പ്രാപിക്കാൻ കഴിയുമെന്ന് നിങ്ങൾ വിചാരിക്കയാണോ? അതോ യേശുവിന്റെ വാക്കുകൾ സത്യസന്ധമായി സ്വീകരിച്ചു ഒരു ക്രിസ്ത്യാനിയായി തീരുവാനും അവന്റെ നിബന്ധനകൾക്കൊത്തവണ്ണം രക്തം കൊടുത്തു വാങ്ങിയ സഭയിൽ അംഗമായി തീരുവാനാണോ നിങ്ങൾ താല്പര്യപ്പെടുന്നത്? ദൈവത്തിനു മഹത്വം കൊടുക്കുന്ന രീതിയിൽ എല്ലാം ചെയ്യുവാൻ നിങ്ങളുടെ മനോഭാവത്തെ അനുവദിക്കുമോ?

യേശുക്രിസ്തു നിങ്ങളുടെ പ്രദേശത്തു വന്നു മതപരമായി നിലനിൽക്കുന്നതും താൻ സ്ഥാപിച്ചിട്ടില്ലാത്തതും ആയ ആചാരങ്ങളെ നിശിതമായി ഖണ്ഡിക്കുന്നു എന്നു

വിചാരിക്കുക. അവൻ ഇന്നത്തെ മതാദ്ധ്യക്ഷൻമാരോട് സ്വർഗ്ഗസ്ഥനായ എന്റെ പിതാവ് നട്ടിട്ടില്ലാത്ത തൈ ഒക്കെയും വേരോടെ പറിഞ്ഞു പോകും എന്നു അരുളിച്ചെയ്താൽ നിങ്ങളുടെ പ്രതികരണ മനോഭാവം എന്തായിരിക്കും? ദുരുപദേഷ്ടാക്കൻമാരേയും അവരുടെ സഭകളെയും അവൻ എതിർക്കും എന്നോർക്കുക. തന്നിൽ വിശ്വസിക്കുന്ന ശിഷ്യൻമാർ എല്ലാവരും ഒന്നാകണം എന്നു കർത്താവ് അന്നു പ്രാർത്ഥിച്ചതുപോലെ ഇന്നു പ്രാർത്ഥിക്കുകയാണെങ്കിൽ അനൈക്യത്തിന്റെയും ഭിന്നതയുടെയും വിത്തു വിതക്കുന്ന ഉപദേഷ്ടാക്കൻമാർക്കും അവരുടെ അനുയായികൾക്കും എന്തു സംഭവിക്കും? (യോഹന്നാൻ 17:23). നിങ്ങൾ കർത്താവിന്റെ ഏക സഭയിൽ അംഗമായി തീർന്നു അതിൽ നിന്നുകൊണ്ട് പ്രവർത്തിച്ചു ഏക സഭയുടെ ഐക്യതയ്ക്കുവേണ്ടി ജനത്തോട് നിങ്ങൾ യാചിക്കുമോ? ദുരഭിമാനവും ബന്ധുക്കളുടേയും മററും സമ്മർദ്ദങ്ങൾ അതിജീവിച്ച് യേശുക്രിസ്തു ഒരുക്കിതീർത്ത ക്ഷമാപണ പദ്ധതിയുടെ നിബന്ധനകൾ അനുസരിക്കുവാനും മററുള്ളവരെ അനുസരിപ്പിക്കുവാനും നിങ്ങൾ തയ്യാറാകുമോ?

നിങ്ങളുടെ സമൂഹത്തിൽ കർത്താവ് വരികയും ഒരു പ്രസംഗം നടത്തുകയും ചെയ്യുന്നു എന്നു ധരിക്കുക. അവന്റെ പ്രസംഗവിഷയം 'വിശ്വസിക്കയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷ പ്രാപിക്കും വിശ്വസിക്കാത്തവർ ശിക്ഷാവിധിയിൽ അകപ്പെടും' എന്നതായിരുന്നു. ഇതു കേട്ടിട്ടു നിങ്ങൾ വിശ്വസിക്കുകയും സ്നാനപ്പെടാതിരിക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും എന്നു നിങ്ങൾ ചാടിക്കയറി പറയുമോ? (മർക്കൊസ് 16:16). അല്ലെങ്കിൽ വിശ്വസിക്കയും രക്ഷിക്കപ്പെടുകയും ചെയ്യുന്നവൻ സ്നാനപ്പെട്ടു എന്നു പറയുമോ? യേശുക്രിസ്തുവിന്റെ വായിൽ നിന്നു വന്നതായ രക്ഷയുടെ സന്ദേശം കേൾക്കുമ്പോൾ ഓ സ്നാനം അത്ര പ്രാധാന്യമുള്ളതല്ല; സ്നാനപ്പെട്ടില്ലെങ്കി

ലും കുഴപ്പമൊന്നുമില്ല, ശിശുവിലേ ഏററ സ്നാനം മതി എന്നൊക്കെ വാദിച്ചു തർക്കിച്ചു നിൽക്കുമോ ? നിങ്ങളുടെ ബന്ധുക്കളും സ്നേഹിതൻമാരും ഉള്ളപ്പോഴാണ് യേശു ഇതു പറയുന്നതെങ്കിൽ; ഓ ബൈബിൾ എങ്ങനെ വേണമെങ്കിലും വ്യാഖ്യാനിക്കാം എന്നു പറഞ്ഞ് ഒഴിഞ്ഞു മാറാൻ ശ്രമിക്കുമോ ? ആത്മാർത്ഥമായി സത്യം അന്വേഷിക്കുന്ന ദൈവ വിശ്വാസികളെ യേശുക്രിസ്തു വരുമ്പോൾ അവൻെറ മുഖത്തു നോക്കി വാദിച്ചു തർക്കിച്ചു നിൽക്കാൻ എത്ര പേർക്കു കഴിയും ?

ഇനി അപ്പൊസ്തലൻമാരുടെ കാര്യം എടുക്കാം. യേശുക്രിസ്തു തിരഞ്ഞെടുത്തു പരിശീലിപ്പിച്ചവരായിരുന്നുവല്ലോ അവർ. പത്രൊസും, പൌലൊസും ശേഷം അപ്പൊസ്തലൻമാരും നിങ്ങളുടെ അടുത്തു വന്നു അവരുടെ ഉപദേശം എങ്ങനെയുള്ളതു എന്നു പറയുന്നു. "ആകയാൽ ഞങ്ങൾ ക്രിസ്തുവിനു വേണ്ടി സ്ഥാനപതികളായി ദൈവത്തോടു നിരന്നു കൊൾവിൻ എന്നു ക്രിസ്തുവിനു പകരം അപേക്ഷിക്കുന്നു അതു ദൈവം ഞങ്ങൾ മുഖാന്തരം പ്രബോധിപ്പിക്കുന്നതുപോലെ ആകുന്നു'' (2കൊരിന്ത്യർ 5:20). പിന്നീട് അവരുടെ അവകാശവാദങ്ങളും വാക്കുകളും ഉറപ്പിക്കുവാൻ ആയി അടയാളങ്ങളും അത്ഭുതങ്ങളും ചെയ്യുകയും ദുരുപദേശങ്ങളേയും ഭിന്നതകളേയും നാമധേയ വിഭാഗങ്ങളേയും അവർ ഒന്നാം നൂററാണ്ടിൽ ഖണ്ഡിച്ചു സംസാരിച്ചതുപോലെ ഇന്നു വീണ്ടും ചെയ്താൽ നിങ്ങളുടെ മനോഭാവം എന്തായിരിക്കും ? സഹോദരന്മാരേ, നിങ്ങൾ എല്ലാവരും ഒന്നു തന്നേ സംസാരിക്കയും നിങ്ങളുടെ ഇടയിൽ ഭിന്നത ഭവിക്കാതെ ഏക മനസ്സിലും ഏകാഭിപ്രായത്തിലും യോജിച്ചിരിക്കയും വേണം എന്നു ഞാൻ നിങ്ങളെ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൻെറ നാമം ചൊല്ലി പ്രബോധിപ്പിക്കുന്നു (1കൊരിന്ത്യർ 1:10) എന്ന സന്ദേശത്തോട് നിങ്ങൾക്കുള്ള പ്രതികരണം എന്തായിരിക്കും ?

അവർ വന്നു, ക്രിസ്തുവിന്റെ ശരീരമാകുന്ന സഭ ഒന്നേയുള്ളു എന്നും ആ സഭയുടെ തലയും രക്ഷിതാവും ക്രിസ്തുവാണെന്നും പ്രസംഗിച്ചാൽ നിങ്ങളുടെ മനോഭാവം മാറുമോ? (എഫെസ്യർ 1:22,23; കൊലൊസ്യർ 1:18; എഫെ: 5;23). അതോ പിന്നെയും നിങ്ങൾ, അവനവനു ഇഷ്ടമുള്ള സഭയിൽ ചേരാമെന്നു പറഞ്ഞു, സഭയിലൊന്നും വലിയ കാര്യമില്ല എന്നുപറഞ്ഞ് ന്യായീകരിക്കുമോ? ക്രിസ്തു തന്റെ രക്തം കൊടുത്തു സമ്പാദിച്ച സഭ നിലവിലിരിക്കെ, മനുഷ്യനിർമ്മിതമായ സഭയിലും രക്ഷയുണ്ടെന്നു പറഞ്ഞ് നിങ്ങൾ വാദിക്കുമോ (പ്രവൃത്തി 20:28). അതോ ക്രിസ്തുവിന്റെ സുവിശേഷം അനുസരിച്ച് കർത്താവിന്റെ സഭയിൽ അംഗമായി തീരുമോ ?

പത്രോസും പൌലോസും മററപ്പോസ്തലന്മാരും നിങ്ങളുടെ സമൂഹത്തിൽ വന്നു ഉയിർത്തെഴുന്നേററ ക്രിസ്തുവിനെ പ്രസംഗിക്കയും അതു കേട്ടു വിശ്വസിക്കുന്നവരോട്: നിങ്ങൾ ഓരോരുത്തരും മാനസാന്തരപ്പെട്ടു നിങ്ങളുടെ പാപമോചനത്തിനായി യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏൽപ്പിൻ എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും എന്നു പറഞ്ഞാൽ നിങ്ങൾ അതിനെ എങ്ങനെ പ്രതികരിക്കും ? ഈ വാഗ്ദാനം കർത്താവ് വിളിച്ചുവരുത്തുന്ന ഏവർക്കുമുള്ളതാണ് എന്നു തിരിച്ചറിയുക (പ്രവൃത്തി 2:37-39). ഈ കല്പനയെ നിങ്ങൾ പുച്ഛിച്ചു തള്ളിക്കളയുമോ ? അതോ ഞങ്ങൾ ഒരിക്കൽ ശിശുക്കൾ ആയിരുന്നപ്പോൾ സ്നാനമേററതാണ് ഇനി ഒരു സ്നാനത്തിന്റെ ആവശ്യമില്ല എന്നു പറയുമോ? അതുമല്ലെങ്കിൽ വെള്ളത്തിൽ പോയി സ്നാനമേററതുകൊണ്ട് എന്തു കിട്ടാനാണ് എന്നു പറഞ്ഞ് അത് തള്ളിക്കളയുമോ ? ദൈവവചനമാണ്, അതു അനുസരിക്കുന്നവർക്കു പ്രയോജനമുണ്ട് എന്ന വിശ്വാസം നിങ്ങൾ ജനിപ്പിക്കുമോ?

പലർക്കും തങ്ങളുടെ പാപങ്ങളെക്കുറിച്ചു കുററബോധമുണ്ടാകും. അവർ അതു നീങ്ങികിട്ടേണ്ടതിനു പ്രാർത്

ഥിക്കുകയും ചെയ്തേക്കാം. എന്നാൽ അതു മാത്രം മതിയോ ? ഒരു പാപിയായ മനുഷ്യൻ ഉള്ളുരുകി പ്രാർത്ഥിക്കുകയാണെന്നിരിക്കട്ടെ അതിനുള്ള ദൈവത്തിന്റെ മറുപടി എന്തായിരിക്കും ? ദൈവവിശ്വാസിയായ ഉപദേഷ്ടാവ് അങ്ങനെയുള്ള ഒരു വ്യക്തിയോടു: "ഇനി താമസിക്കുന്നതെന്തു ? എഴുന്നേററു അവന്റെ നാമം വിളിച്ചു പ്രാർത്ഥിച്ചു സ്നാനമേററു നിന്റെ പാപങ്ങളെ കഴുകി കളക" എന്നു പറഞ്ഞാൽ നിങ്ങളാണെങ്കിൽ എന്തു ചെയ്യും ? ചോദ്യംചെയ്യാതെ അതു അങ്ങനെ തന്നെ അനുസരിക്കുവാൻ നിങ്ങറം തയ്യാറാകുമോ ? അതോ നിങ്ങറം അതിനെ എതിർക്കുമോ ? സ്നാനത്താൽ എങ്ങനെ പാപം കഴുകികളയാൻ കഴിയും എന്നു ചോദിക്കാൻ നിൽക്കുമോ ? ക്രിസ്തുവിനോടു ചേരുവാനാണ് ആ സ്നാനമെന്നു അപ്പൊസ്തലന്മാർ നിങ്ങളുടെ അയൽക്കാരോടും സ്നേഹിതരോടും അറിയിക്കുമ്പോറം അതിനോടു നിങ്ങറംക്കു യോജിക്കാൻ പററുമോ ? (ഗലാത്യർ 3:26-27). ക്രിസ്തുവിൽ ആണ് സകല ആത്മീക അനുഗ്രഹങ്ങളും എന്നിരിക്കെ ക്രിസ്തുവിന്റെ സഭക്കു പുറത്തും അതു ലഭ്യമാണ് എന്നു പറഞ്ഞ് ദൈവേഷ്ടത്തെ നിങ്ങറം മറിച്ചു കളയുമോ ? യേശുവിന്റെ മരണത്തിൽ ചിന്തിയതായ രക്തത്തോടു ബന്ധപ്പെടാതെ ശുദ്ധീകരണം പ്രാപ്യമല്ല. അതു ലഭിക്കുവാൻ അവന്റെ മരണത്തിലും അടക്കത്തിലും ഉയർപ്പിലും പങ്കാളികളാകണം. അതിനു വേണ്ടിയാണ് സ്നാനം എന്ന കല്പന വെച്ചിരിക്കുന്നത് (റോമർ 6:3-4; 2തിമൊഥെയോസ് 2:10).

മുൻ പറഞ്ഞ കാര്യങ്ങളെ ആധികാരികമായി ദൈവാത്മാവ് നേരിട്ടു നിങ്ങളോടു പറഞ്ഞാൽ ആത്മാവിന്റെ സാക്ഷ്യത്തെയും നിങ്ങറം തിരസ്കരിക്കുമോ ? (2പത്രോസ് 1:19). അത്ഭുതങ്ങളാലും അടയാളങ്ങളാലും വിവിധ വീര്യപ്രവൃത്തികളാലും നമുക്കു ഉറപ്പിച്ചുതന്നതായ ഇത്ര വലിയ രക്ഷയെ നിങ്ങറം വീണ്ടും അവഗണിക്കുമോ ?

★

# രക്ഷാദിവസം

## തോമസ് മാത്യു

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

ദൈവം ആരംഭിച്ച യുഗങ്ങളും അഥവാ കാലങ്ങളും അവസാനിക്കുമ്പോഴും അതിനു കാരണ ഭൂതനായ ദൈവം തൽസ്ഥാനത്ത് പിന്നെയും ശേഷിക്കുന്നു. ആകയാൽ തനിക്ക് ആരംഭവും അന്തവും എന്ന് പേരും നൽകപ്പെട്ടിരിക്കുന്നു (വെളി:2:6). ഭൂതം, വർത്തമാനം, ഭാവി എന്നീ ത്രികാലങ്ങളിലും ദൈവം യഥാസ്ഥിതികനാണ്. മോശെയോട് ദൈവം സംസാരിക്കുമ്പോഴും താൻ ആരു എന്നു വെളിപ്പെടുത്തുകയുണ്ടായി. അതേ: "ഞാനാകുന്നവൻ" ഞാനാകുന്നു എന്നുള്ളവൻ നിന്നെ അയച്ചിരിക്കുന്നു എന്നു പറക (പുറ: 3:14) എന്നിങ്ങനെയാണ് താൻ അറിയിച്ചത്. ഈ വാചകം ഇപ്രകാരം സംഗ്രഹിക്കാം-ഞാൻ ആകുന്നു, ഞാൻ ആയിരുന്നു, ഞാൻ ആയിരിക്കും. അപൂർണ്ണനായ മനുഷ്യന് പൂർണ്ണനായ ദൈവത്തെ വെളിപ്പെടുത്തിയതാണ്.... "ക്രിസ്തു" രണ്ടു വൈശിഷ്ട്യങ്ങളുടെ പൂർണ്ണതയാണ് യേശുക്രിസ്തുവിൽ വെളിപ്പെടുത്തിയത് സൃഷ്ടിയായ മനുഷ്യന്റേയും, സൃഷ്ടിതാവായ ദൈവത്തിന്റേയും, പൂർണ്ണതതന്നെ ദൈവത്വവും മനുഷ്യത്വവും ഒരുപോലെ ഒന്നിണങ്ങിയത് യേശുക്രിസ്തുവിൽ മാത്രമാകുന്നു.

മുൻ യുഗങ്ങളിൽ നിലവിലിരുന്ന പരീക്ഷണങ്ങളിൽ എല്ലാംതന്നെ മനുഷ്യൻ പരാജിതനാകയാൽ അവന് ഉന്നമനവും ഉദ്ധാരണവും ലഭ്യമാകാതെ വരികയുണ്ടായി. തൻനിമിത്തം ഉദ്ധാരണത്തിനു പര്യാപ്തമായ കൃപായുഗം ഉളവാകേണ്ടതായി വന്നു. ഈ യുഗാരംഭഘട്ടത്തിൽ ദൈവപുത്രൻ "കൃപയും സത്യവും" നിറഞ്ഞവനായി ലോക

ത്തിൽ വന്ന് മനുഷ്യരുടെ ഇടയിൽ പാർത്തു (യോഹ: 1:18). കൃപയാലുള്ള രക്ഷയും, വ്യവസ്ഥാപിതമായി. യിസ്രായേലിനോടുള്ള ദൈവത്തിന്റെ വാഗ്ദത്ത നിവൃത്തിക്കായും "കൃപായുഗം" ക്രമീകരിക്കേണ്ടതാവശ്യമായിരുന്നു. അത് സംബന്ധിച്ച് പ്രവാചകന്മാർ അറിയിച്ചിരിക്കുന്ന താവിത്: "ഞാൻ നിങ്ങളുടെ മേൽ നിർമ്മല ജലം തളിക്കും. ഞാൻ നിങ്ങൾക്ക് പുതിയൊരു ഹൃദയം തരും. പുതിയൊരു ആത്മാവിനെ നിങ്ങളുടെ ഉള്ളിലാക്കും. ഞാൻ എന്റെ ആത്മാവിനെ നിങ്ങളുടെ ഉള്ളിലാക്കി എന്റെ ചട്ടങ്ങളിൽ നടക്കുമാറാക്കും" (യെഹ: 36:27, യെശ: 59:21).

ഈ കൃപായുഗത്തിലും എല്ലാവരും രക്ഷ പ്രാപിക്കുന്നില്ല എന്നതും നാം അറിഞ്ഞിരിക്കേണ്ടതാണ്. എന്തെന്നാൽ വിശ്വസിക്കുകയും, അംഗീകരിക്കുകയും ചെയ്യുന്നവർക്ക് മാത്രമെ രക്ഷ പ്രാപിപ്പാൻ കഴിയുകയുള്ളു (മർക്കൊ: 16:16, റോമ: 2:6,7,8). കൃപായുഗത്തിൽ രക്ഷ ഏവർക്കും വേണ്ടി ഉള്ളതെങ്കിലും അംഗീകരിപ്പാൻ കഴിയാത്തവർക്ക് അനുഭവസ്ഥമായി തീരുന്നുമില്ല. "രക്ഷ" എന്നതിൽ ഒന്നാമത് ആത്മാവിന്റേയും, രണ്ടാമത് ശരീരത്തിന്റേയും, വീണ്ടെടുപ്പ് ഉൾപ്പെട്ടിരിക്കുന്നു. ഇപ്പോൾ അത് ഈ നാളിൽ സുവിശേഷം കേൾവിയാൽ ആത്മരക്ഷയും, അനന്തരമായി കർത്താവിന്റെ വീണ്ടും വരവിങ്കൽ കാഹളം ധ്വനിക്കുന്ന നാളിൽ നമ്മുടെ ശരീരത്തിന്റെ വീണ്ടെടുപ്പായ പുത്രത്വവും പ്രാപിച്ച് രക്ഷ പൂർത്തീകരിക്കപ്പെടുന്നു (റോമ: 8:23). തൽസമയം രക്ഷാദിവസവും സമാപിക്കുന്നതാണ്, രക്ഷയ്ക്കു നിദാനമായ സുവിശേഷത്തിന് രണ്ടു കാലയളവുകൾ ക്രമപ്പെടുത്തിയിരിക്കുന്നതായി ദൈവവചനത്തിൽ കാണാം.

**1 കൃപയുടെ സുവിശേഷം** (പ്രവൃത്തി 20:24). ഇതു കൃപയുടെ ആത്മാവിനെ പകർന്നതായ പെന്തക്കോസ്തു നാളിൽ ഘോഷിച്ചു തുടങ്ങിയതും നാളിതുവരേ

യും തുടർന്നു പോരുന്നതുമായ രക്ഷാസന്ദേശം തന്നെ. ഈ സുവിശേഷ പ്രഭാഷണം ''സഭയുടെ'' ഏൽപ്പിച്ചുകൊടുക്കലിൽ അവസാനിക്കുകയും ചെയ്യുന്നു. ആയതിൻെറ വ്യവസ്ഥ, പ്രവർത്തനരീതി, സാദ്ധ്യത, ഉദ്ദേശം എന്നവയെല്ലാം മുന്നമേ വിവരിച്ചിട്ടുള്ളതാകയാൽ ഇവിടെ എഴുതുന്നില്ല.

**2 രാജ്യത്തിൻെറ സുവിശേഷം** (മത്താ: 4:23, 24). രാജ്യത്തിൻെറ സുവിശേഷമാണ് യോഹന്നാൻ സ്നാപകൻ വിളിച്ചറിയിച്ചുകൊണ്ടിരുന്നത്. എന്തായിരുന്നു ആ സന്ദേശം ? പഴയനിയമ തിരുവെഴുത്തുകളിൽ അറിയിച്ചിരുന്നതും, പ്രവാചകന്മാർ വിളിച്ചറിയിച്ചതുമായ ''ആ രാജാവ്'' (മശിഹാ) ഇതാ വന്നിരിക്കുന്നു. അതേ; ദൈവരാജ്യം സമീപമായി (മത്താ: 3:2) എന്നുള്ളതായിരുന്നു ഈ സുവിശേഷ വാർത്തയാൽ യോഹന്നാൻ ആവശ്യപ്പെട്ടതോ; നിങ്ങടം മാനസ്സാന്തരപ്പെടുവിൻ എന്നും ആയിരുന്നു. യോഹന്നാൻ സ്നാപകനു പിന്നാലെ യേശുവും തൻെറ ശിഷ്യൻമാരും ഈ രാജ്യത്തിൻെറ സുവിശേഷം തന്നെ അറിയിച്ചു പോന്നു. പ്രസ്തുത രക്ഷയിൻ വാർത്ത പ്രാവചനികമായി യിസ്രായേലിനോടുള്ള പ്രത്യേക അറിയിപ്പായും കാണാവുന്നതാണ്. ഈ ദൂത് ക്രിസ്തുവിൻെറ ക്രൂശീകരണത്തോടുകൂടി അവസാനിക്കുകയും ചെയ്തു. അനന്തരമായി തൻെറ ഉയർത്തെഴുന്നേൽപ്പിനു ശേഷം (ശിഷ്യൻമാരും മററും കൂടിയിരുന്നു പ്രാർത്ഥിക്കയും പരിശുദ്ധാത്മാവിൽ നിറയുകയും ചെയ്തു) ഘോഷിച്ചു തുടങ്ങിയത് മുൻ പ്രസ്താവിച്ച പ്രകാരം കൃപയുടെ സുവിശേഷമാണ് യോഹന്നാൻ സ്നാപകൻേറയും, യേശുക്രിസ്തുവിൻേറയും ശുശ്രൂഷയാൽ യെഹൂദൻമാരും ഭാഗികമായി ജാതികളും മാനസ്സാന്തരപ്പെട്ടു.

ഈ വിധം കൃപയുടെ സുവിശേഷം, രാജ്യത്തിൻെറ സുവിശേഷം എന്നിങ്ങനെ രണ്ടു വിഭജനവും കൂടാതെ എൻെറ സുവിശേഷം (റോമ: 2:16, 16:25). ഇത് കൃപ

യുടെ സുവിശേഷമാണ്. നിത്യ സുവിശേഷം എന്നിങ്ങനെയുള്ള പേരുകളും സുവിശേഷത്തെ അനുബന്ധിച്ച് കാണുന്നുണ്ട് (വെളി: 15:7).

## ജാതികളുടെ കാലം

കൃപായുഗത്തെ ജാതികളുടെ കാലമെന്നും വിളിച്ചിരിക്കുന്നു (ലൂക്കൊ: 21:24). അവർ വാളിന്റെ വായ്ത്തലയാൽ വീഴുകയും അവരെ സകല ജാതികളിലേക്കും ബന്ധരാക്കിക്കൊണ്ടു പോകയും, ജാതികളുടെ കാലം തികയുവോളം ജാതികൾ യെറുശലേമിനെ ചവിട്ടി കളയുകയും ചെയ്യും. അങ്ങനെ സകല ജാതികളും രക്ഷിക്കപ്പെടുവാൻ ദൈവത്താൽ നിയമിക്കപ്പെട്ട നാളുതന്നെ കൃപായുഗം. സകലജാതികളിൽ നിന്നുമായി കൃപായുഗത്തിൽ രക്ഷിക്കപ്പെടുന്നവരുടെ ഒരു അംഗസംഖ്യയും ദൈവം നിർണ്ണയിച്ചിരിക്കുന്നു എന്നും ഇതിനാൽ അർത്ഥമാകുന്നു. വിശുദ്ധ പത്രോസ് ഈ വസ്തുത അറിയിച്ചിട്ടുള്ളതായി നാം വായിക്കുന്നു. "ദൈവം തന്റെ നാമത്തിനായി ജാതികളിൽ നിന്നും ഒരു കൂട്ടത്തെ എടുക്കും (പ്രവൃത്തി: 15:14). ഈ ദൈവനിർണ്ണയത്തിന്റെ മാർമ്മിക വിവരണമാണ് എഫെസ്യ ലേഖനത്തിൽ പൗലൊസ് പ്രസ്ഥാപിച്ചിട്ടുള്ളത്. "അതോ ജാതികൾ ക്രിസ്തുയേശുവിൽ കൂട്ടവകാശികളും ഏക ശരീരസ്ഥരും വാഗ്ദത്തിൽ പങ്കാളികളും ആകണം എന്നുള്ളതു തന്നെ" (എഫെ: 3:6,7).

ബാബേൽ രാജാവായിരുന്ന നെബുഖദ്നേസറിന്റെ കാലം മുതലാണ് വാഗ്ദത്തം ജാതികൾക്കു കൂടെ നൽകുവാൻ പദ്ധതി ആരംഭിക്കുന്നത്. ബാബിലോൺ ജാതി രാജ്യങ്ങളിൽ പ്രഥമമായതും തന്നെ.

★

(ശേഷം അടുത്ത ലക്കത്തിൽ)

# യേശുവിനെക്കുറിച്ചു മക്കളെ പഠിപ്പിക്കൽ

ബെററി B. C

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

മക്കൾ ജഡരക്തങ്ങളോടു കൂടിയവർ ആകകൊണ്ടു അവനും അവരെ പോലെ ജഡരക്തങ്ങളോടു കൂടിയവനായി മരണത്തിന്റെ അധികാരിയായ പിശാചിനെ തന്റെ മരണത്താൽ നീക്കി ജീവപര്യന്തം മരണഭീതിയാൽ അടിമകളായിരുന്നവരെ ഒക്കെയും വിടുവിച്ചു (എബ്രായർ 2: 10-14).

സൺഡേ സ്കൂളിൽ ഞങ്ങൾ കഴിഞ്ഞയാഴ്ച യേശുവിനെക്കുറിച്ചു പഠിച്ചു എന്ന് തങ്കമ്മ അപ്പോൾ പറയുകയുണ്ടായി. എല്ലാ മതങ്ങളിലുമുള്ളവർ യേശു ദൈവത്തിൽ നിന്നു ജനിച്ചവനാണെന്നു പറയുന്നുണ്ടെന്നും നല്ലൊരു ഉപദേഷ്ടാവായിരുന്നുവെന്നും ആളുകൾ പറയുന്നുണ്ടെന്ന് അവരുടെ അദ്ധ്യാപകൻ പഠിപ്പിക്കുകയുണ്ടായി. എന്നാൽ യേശു എന്ന ഏക ദൈവപുത്രനേയുള്ളു എന്നും അവൻ മാത്രമെ മനുഷ്യരക്ഷക്കു വേണ്ടി നിലകൊള്ളുന്നുള്ളുവെന്നും അവർക്ക് അറിഞ്ഞുകൂടാ. ഇന്നു ദൈവം തന്റെ ജനത്തോട് അവൻ മുഖാന്തരം മാത്രമെ സംസാരിക്കുന്നുള്ളു എന്നതും അവർ തിരിച്ചറിയണം.

"അതു ശരിയാണ്" പീററർ സമ്മതിച്ചു. ഇന്നു നാം വായിച്ച എബ്രായലേഖനത്തിലെ വേദഭാഗം വെളിപ്പെടുത്തുന്ന സത്യം ദൈവം തന്റെ പുത്രൻമുഖാന്തരം സംസാരിക്കുന്നു എന്നതാണ്. ഒരിക്കൽ യേശുവിന്റെ ശിഷ്യന്മാർ

അവനെ ആത്മരൂപത്തിൽ ദർശിച്ചപ്പോൾ അനേകവർഷങ്ങൾക്കു മുൻപ് മരിച്ചവരായിരുന്ന മോശയോടും ഏലിയാവോടും അവൻ സംസാരിക്കുന്നതു അവർ കണ്ടു. അപ്പോൾ അവൻ മൂന്നു കൂടാരങ്ങൾ ദൈവത്തെ ആരാധിക്കുന്നതിനു ഉണ്ടാക്കുവാൻ ആഗ്രഹിച്ചു. എന്നാൽ സ്വർഗ്ഗത്തിൽ നിന്നു ദൈവം അരുളിച്ചെയ്തതു ''ഇവൻ എന്റെ പ്രിയപുത്രൻ, ഇവങ്കൽ ഞാൻ പ്രസാദിച്ചിരിക്കുന്നു, നിങ്ങൾ ഇവനു ചെവികൊടുപ്പിൻ'' എന്നാണ്. യേശുക്രിസ്തു പറയുന്നതാണ് നാം കേൾക്കേണ്ടതു.

നമ്മുടെ പാപങ്ങൾ നീക്കംചെയ്യേണ്ടതിനു നമ്മുടെ സ്ഥാനത്തു നമുക്കുവേണ്ടി മരിച്ചതു യേശുവാകയാൽ നാം എന്തുചെയ്യണമെന്നു പറയുവാനുള്ള അധികാരം അവനു മാത്രമാണുള്ളത്. അതുകൊണ്ട് ബൈബിൾ വായിച്ചു പഠിക്കേണ്ടതു വളരെ പ്രധാനപ്പെട്ട ഒന്നാകുന്നു. അതു മാത്രമല്ല ക്രിസ്തുവിനെ അനുഗമിക്കുവാനും അതു സഹായിക്കും. യേശു ദൈവത്തിന്റെ പുത്രനാണെന്നും അവനിലുള്ള വിശ്വാസവും അനുസരണവും നിമിത്തം നാം ദൈവമക്കളായി തീരുമെന്നും ദൈവം അറിയിച്ചിട്ടുണ്ട്. ഇതിനേക്കാൾ വലുതായി ഈ ലോകത്തിൽ മറെറാന്നുമില്ല.

## ആശയവിനിമയം നടത്തുവാൻ കുട്ടികളെ പഠിപ്പിക്കുക.

''ഞാൻ എന്റെ അപ്പനു മകനും എന്റെ അമ്മയ്ക്കു ഓമനയും ഏക പുത്രനും ആയിരുന്നു; അവൻ എന്നെ പഠിപ്പിച്ചു എന്നോടു പറഞ്ഞു: എന്റെ വചനങ്ങളെ ഹൃദയത്തിൽ സംഗ്രഹിച്ചു കൊൾക; എന്റെ കല്പനകളെ പ്രമാണിച്ചു ജീവിച്ചുകൊൾക'' (സദൃശവാക്യങ്ങൾ 4:3-4).

ഒരുദിവസം തോമസ് ആൻറണിയെ കാണാൻ അവന്റെ വീട്ടിൽ ചെന്നു. അപ്പോൾ ആൻറണി മുറികൾ തൂത്തു

തുടക്കുകയായിരുന്നു. തോമസ് അതുകൊണ്ടു പുറത്തു കാത്തിരുന്നു. മേരിയോ അടുക്കളയിൽ എല്ലാവർക്കും ആഹാരം പാചകംചെയ്യുന്ന തിരക്കിലാണ് എങ്കിലും അവളുടെ പാട്ടിൻെറ ശബ്ദം പുറത്തേക്ക് ഒഴുകി വന്നു. പിതാവിൻെറ സ്നേഹം മക്കൾ അനുഭവിക്കുന്നതു അവൻെറ ശ്രദ്ധയും കരുതലും കൊണ്ടാണ് എന്ന സാരം ആ പാട്ടിൽ അടങ്ങിയിരുന്നു. തോമസ് വാതിൽക്കൽ ചെന്നു കൂടുതൽ ശ്രദ്ധിക്കാൻ തുടങ്ങി. തൻെറ ഹൃദയത്തിൽ അപ്പോൾ ദുഃഖം അലയടിച്ചു ഉയർന്നു. അവൻ ഓർത്തു അവനെയും മാത്യുവിനേയും അമ്മ എത്ര വഴക്കു പറഞ്ഞിട്ടുണ്ട്. എന്നാൽ മേരി പാടിയ മന്ദ്ര മധുരവും സ്നേഹം സ്ഫുരിക്കുന്നതുമായ ഒരു ഗാനം അവർ ഒരിക്കലും പാടിയിരുന്നില്ല.

വിഷാദചിത്തനായി വാതിൽക്കൽ നിൽക്കുന്ന തോമസിനെ മേരി തിരിഞ്ഞുനോക്കിയപ്പോൾ കണ്ടു. അതു മനസിലാക്കിയ മേരി അവനോടു: എന്താ തോമസേ എൻെറ പാട്ട് നിനക്ക് ഇഷ്ടപ്പെട്ടില്ലെന്നുണ്ടോ?

''ഓ....എനിക്കു പാട്ടു നന്നായി ഇഷ്ടപ്പെട്ടു'' തോമസ് മറുപടി പറഞ്ഞു ''ദൈവത്തേയും അവൻെറ സ്നേഹത്തേയും കുറിച്ചാണല്ലൊ അതു വെളിപ്പെടുത്തുന്നത് എന്നാൽ വാസ്തവത്തിൽ നാം ദൈവസ്നേഹം അറിയുന്നതു എങ്ങനെയാണ്? അവനെ നാം കാണുന്നില്ല; അവൻ നമ്മോടു സംസാരിക്കുന്നില്ല. അപ്പോൾ പിന്നെ നമുക്ക് എങ്ങനെ അറിയാം അവൻ നമ്മെ സ്നേഹിക്കുന്നുവെന്ന്''? അവൻെറ മനസിൽ കടന്നു കൂടിയ സംശയം അവൻ പുറത്തെടുത്തു. അവനു അതറിയുവാനുള്ള ഉത്സാഹം ഉണ്ടായിരുന്നു. അതുകൊണ്ടാണ് അവൻ അതു അടക്കി വെക്കാതെ തുറന്നു ചോദിച്ചത്.

മേരി തോമസിനോട് അവിടെവന്നു ഇരിക്കാൻ ആവശ്യപ്പെട്ടു. തുടർന്നു വിശദമായി എല്ലാം വിവരിച്ചു പറ

യാൻ തുടങ്ങി. നോക്കൂ, ദൈവത്തെക്കുറിച്ച് ധാരാളം കാര്യങ്ങൾ നാം അറിഞ്ഞിരിക്കണമെന്ന് ദൈവം ആഗ്രഹി ക്കുന്നു. ദൈവം നമ്മെ സൃഷ്ടിച്ചവനാകയാൽ അവൻ നമ്മുടെ പിതാവാണ്. നമ്മെ സഹായിക്കുന്നതും പോററി പുലർത്തുന്നതും ദൈവമാണ്. നാം എങ്ങനെ ജീവിച്ചാൽ നമുക്കു ദൈവത്തിൻെറ സഹായം ലഭിക്കും എന്നു അവൻ നമ്മെ പഠിപ്പിച്ചിട്ടുണ്ട്. എപ്രകാരം നാം ദൈവത്തെ സ്നേഹിക്കണമെന്നും അവൻ അറിയിച്ചിട്ടുണ്ട്.

എന്നാൽ സ്വർഗ്ഗത്തിൽ വസിക്കുന്ന ദൈവം ഒരിക്കലും നമ്മോടു സംസാരിക്കാത്ത അവൻ നമ്മെ എങ്ങനെ പഠിപ്പി ക്കും? ഇതായിരുന്നു തോമസിൻെറ സംശയം.

അവൻ നമുക്ക് അവൻെറ പുസ്തകം നൽകിയിട്ടു ണ്ട്. അതിലെ വാക്കുകളിലൂടെയാണ് ദൈവം സംസാരി ക്കുന്നത്. ദൈവത്തെ ശ്രദ്ധിച്ചുകേൾക്കുവാൻ നീ ദിവസ വും ആ വേദപുസ്തകം വായിക്കാറുണ്ടോ? ''ഇല്ല; ഞാൻ സ്കൂളിൽ പഠിക്കുന്ന പാഠപുസ്തകങ്ങൾ ഒഴിച്ച് മററൊ ന്നും വായിക്കാറില്ല''. തോമസ് പറഞ്ഞു.

പ്രാർത്ഥനയിൽ കൂടെ ദൈവത്തോടു എങ്ങനെ സംസാരിക്കാമെന്നു അവൻ പഠിപ്പിച്ചിട്ടുണ്ട്. നമ്മുടെ ദൈനംദിന ജീവിതത്തിൽ നേരിടുന്ന പ്രശ്നങ്ങളും ആവ ശ്യങ്ങളും അവനോടു അറിയിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ നമ്മുടെ ജീവിതത്തിൽ തന്നിട്ടുള്ള അനേക നന്മ കൾക്കായി നന്ദി രേഖപ്പെടുത്തുവാനും അവൻ നമ്മെ പഠിപ്പിച്ചിട്ടുണ്ട്. തോമസേ, നീ പ്രാർത്ഥിക്കാറുണ്ടോ?

★

(ശേഷം അടുത്ത ലക്കത്തിൽ)

# പത്രോസിന്റെ പ്രവർത്തനങ്ങൾ

ജെ. ഫ്രാൻസിസ്

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

ക്രിസ്തു ആരാണെന്നു പൂർണ്ണമായി തിരിച്ചറിഞ്ഞ് പ്രഖ്യാപിക്കുകയാണ് അവൻ ഇതിലൂടെ ചെയ്തത് ശരിയായതു വിവേചിച്ചു അറിയുവാനുള്ള അവന്റെ കഴിവ്, പിതാവായ ദൈവത്തിൽ നിന്നും അവനു ലഭിക്കുന്ന വെളിപാടുകൾ എന്നിവ കണക്കിൽ എടുത്തു ക്രിസ്തു പറഞ്ഞു സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ ഞാൻ നിനക്കു തരുന്നു; നീ ഭൂമിയിൽ കെട്ടുന്നതൊക്കെയും സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടിരിക്കും; നീ ഭൂമിയിൽ അഴിക്കുന്നതൊക്കെയും സ്വർഗ്ഗത്തിൽ അഴിഞ്ഞിരിക്കും (മത്താ:16;13-19).

ഈ അധികാരം പത്രോസ് പെന്തക്കൊസ്തു നാളിൽ പ്രയോഗിച്ചു. പരിശുദ്ധാത്മാവ് അവരിൽ വന്നപ്പോൾ പത്രോസ് പതിനൊന്നുപേരോടു കൂടി നിന്നുകൊണ്ടു ഉറക്കെ ദൈവവചനം പ്രസംഗിച്ചു. അന്നു പ്രസംഗം കേട്ട മൂവായിരത്തോളം പേർ സഭയിലേയ്ക്കു (സ്വർഗ്ഗരാജ്യത്തിലേയ്ക്കു) വന്നു. അവൻ അന്നു ക്രിസ്തു നൽകിയ താക്കോൽ ഉപയോഗിച്ചു സ്വർഗ്ഗരാജ്യം തുറന്നു കൊടുത്തു. അവർ സ്വർഗ്ഗരാജ്യത്തിലേക്കു കടന്നു (അ:പ്ര: 2:3-42).

ക്രിസ്തുവിനോടു പലപ്പോഴും കൂടുതൽ സംസാരിച്ചിരുന്നതു പത്രോസ് ആണ്. ക്രിസ്തു രൂപാന്തരപ്പെടുവാനായി ഒരു ഉയർന്ന മലയിലേയ്ക്കു പോയി. പത്രോസിനേയും യാക്കോബിനെയും യോഹന്നാനെയും അവൻ കൂടെ കൊണ്ടുപോയി. മലയിൽ വച്ചു അവൻ അവരുടെ മുമ്പാകെ രൂപാന്തരപ്പെട്ടു. അവന്റെ മുഖം

സൂര്യനെപ്പോലെ ശോഭിച്ചു. അവൻെറ വസ്ത്രം വെളിച്ചംപോലെ വെള്ളയായി തീർന്നു. മോശെയും ഏലിയാവും അവനോടു സംഭാഷിക്കുന്നതായി അവർ കണ്ടു. അപ്പോൾ പത്രോസ് യേശുവിനോടു: കർത്താവേ, നാം ഇവിടെ ഇരിക്കുന്നതു നന്നു; നിനക്കു സമ്മതമെങ്കിൽ ഞാൻ ഇവിടെ മൂന്നു കുടിൽ ഉണ്ടാക്കാം. ഒന്നു നിനക്കും, ഒന്നു മോശെയ്ക്കും, ഒന്നു ഏലിയാവിനും എന്നു പറഞ്ഞു. അവൻ പറയുമ്പോൾ തന്നെ പ്രകാശമുള്ളോരു മേഘം അവരുടെ മേൽ നിഴലിട്ടു; മേഘത്തിൽ നിന്നു: ഇവൻ എൻെറ പ്രിയ പുത്രൻ, ഇവങ്കൽ ഞാൻ പ്രസാദിക്കുന്നു; ഇവനു ചെവികൊടുപ്പിൻ എന്നു ഒരു ശബ്ദവും ഉണ്ടായി. ശിഷ്യന്മാർ അതു കേട്ടിട്ടു ഏററവും ഭയപ്പെട്ടു കമിഴ്ന്നു വീണു. യേശു അടുത്തു ചെന്നു അവരെ തൊട്ടു: എഴുന്നേൽപ്പിൻ, ഭയപ്പെടേണ്ട എന്നു പറഞ്ഞു. അവർ തല പൊക്കി നോക്കിയപ്പോൾ യേശുവിനെ മാത്രമല്ലാതെ ആരെയും കണ്ടില്ല (മത്താ: 17:1-8). യേശുവിൻെറ രൂപാന്തര സമയത്തു അവനോടു സംസാരിച്ചതു പത്രോസ് മാത്രമായിരുന്നു. കാരണം അതിനുള്ള ധൈര്യം അവനു മാത്രമേ ഉണ്ടായിരുന്നുള്ളു.

ഇടപാടുകൾ നടത്തുവാൻ യേശു പത്രോസിനെ ചുമതലപ്പെടുത്തിയിരുന്നു. യേശുവും ശിഷ്യന്മാരും കഫർന്നഹൂമിൽ എത്തിയപ്പോൾ ദ്വിദ്രഹ്മപ്പണം വാങ്ങുന്നവർ പത്രോസിൻെറ അടുക്കൽ വന്നു. നിങ്ങളുടെ ഗുരു ദ്വിദ്രഹ്മപ്പണം കൊടുക്കുന്നില്ലയോ എന്നു ചോദിച്ചു. ഉവ്വ് എന്നു അവൻ ഉത്തരം പറഞ്ഞു. വിവരം അവൻ യേശുവിനെ അറിയിച്ചു. യേശു അവനോടു ഭൂമിയിലെ രാജാക്കന്മാർ ചുങ്കമോ കരമോ ആരോടു വാങ്ങുന്നു? പുത്രന്മാരോടൊ അന്യരോടൊ എന്നു ചോദിച്ചു. അന്യരോട് എന്നു അവൻ ഉത്തരം പറഞ്ഞു. യേശു അവനോടു എന്നാൽ പുത്രന്മാർ ഒഴിവുള്ളവരല്ലോ. എങ്കിലും നാം അവർക്കു ഇടർച്ച വരുത്താതിരിക്കേണ്ടതിനു നീ കടലിലേക്കു ചെന്നു

ചൂണ്ട ഇട്ടു ആദ്യം കിട്ടുന്ന മീനിനെ എടുക്കുക. അതിന്റെ വായ് തുറക്കുമ്പോൾ ഒരു ചതുർദ്രഹ്മപ്പണം കാണും. അതു എടുത്തു നിനക്കും എനിക്കും വേണ്ടി കൊടുക്ക എന്നു പറഞ്ഞു (മത്താ: 17:24-27).

കാര്യങ്ങൾ ഗ്രഹിക്കുന്നതിലും സംശയങ്ങൾ ചോദിക്കുന്നതിലും പത്രോസ് മിടുക്കനായിരുന്നു. കുററം ചെയ്യുന്നവരോട് ക്ഷമിക്കുവാൻ യേശു ശിഷ്യന്മാരെ പഠിപ്പിച്ചു. അതിൽ സംശയം ഉളവായതു പത്രോസിനു മാത്രമായിരുന്നു. കാരണം അവൻ ഗ്രഹിക്കുന്ന കാര്യങ്ങൾ വിശകലനം ചെയ്യാറുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അവന്റെ ചോദ്യം ഇതായിരുന്നു. സഹോദരൻ എത്രവട്ടം എന്നോടു പിഴച്ചാൽ ഞാൻ ക്ഷമിക്കണം ? ഏഴുവട്ടം മതിയോ ? യേശു അവനോടു ഏഴുവട്ടമല്ല, ഏഴു എഴുപതു വട്ടം എന്നു ഞാൻ നിന്നോടു പറയുന്നു (മത്താ: 18:21,22).

യേശുവിനു വേണ്ടി എന്തും ചെയ്യുമെന്നു വമ്പു പറഞ്ഞത് പത്രോസായിരുന്നു. യേശു ശിഷ്യന്മാരുമായി പെസഹ കഴിച്ചതിനു ശേഷം അവരോടു പറഞ്ഞു. ഈ രാത്രിയിൽ നിങ്ങൾ എല്ലാവരും എങ്കൽ ഇടറും; ഞാൻ ഇടയനെ വെട്ടും, കൂട്ടത്തിലെ ആടുകൾ ചിതറിപ്പോകും എന്നു എഴുതിയിരിക്കുന്നുവല്ലോ. അതിനു പത്രോസ്; എല്ലാവരും നിങ്കൽ ഇടറിയാലും ഞാൻ ഒരു നാളും ഇടറുകയില്ല എന്നു പറഞ്ഞു. യേശു അവനോടു: ഈ രാത്രിയിൽ കോഴി കൂകും മുമ്പേ നീ മൂന്നുവട്ടം എന്നെ തള്ളിപ്പറയും എന്നു ഞാൻ സത്യമായിട്ടു നിന്നോടു പറയുന്നു എന്നു പറഞ്ഞു. നിന്നോടു കൂടെ മരിക്കേണ്ടി വന്നാലും ഞാൻ നിന്നെ തള്ളിപ്പറയുകയില്ല എന്നു പത്രോസ് അവനോടു പറഞ്ഞു (മത്താ: 26:31-35).

പറയുന്നതിനു എതിരായി പ്രവർത്തിക്കുകയും അതിൽ ദുഃഖിക്കുകയും ചെയ്യുന്നവനാണ് പത്രോസ് മഹാപുരോഹിതന്മാരും ജനത്തിന്റെ മൂപ്പന്മാരും അയച്ച

വലിയൊരു പുരുഷാരം വാളും വടികളുമായി വന്നു യേശുവിനെ പിടിച്ചു, അവർ അവനെ കയ്യഫാവിന്റെ അടുക്കൽ ശാസ്ത്രിമാരും മൂപ്പന്മാരും ഒന്നിച്ചു കൂടിയിരുന്ന സ്ഥലത്തു കൊണ്ടുപോയി. പത്രോസ് ദൂരെയായി യേശുവിനെ പിൻചെന്നു. യേശു പറഞ്ഞപ്രകാരം ആ രാത്രിയിൽ കോഴി കൂകും മുമ്പേ മൂന്നുപ്രാവശ്യം അവൻ അവനെ തള്ളിപ്പറഞ്ഞു. ഇതിൽ രണ്ടു പ്രാവശ്യം വേലക്കാരത്തികളായ രണ്ടു സ്ത്രീകളുടെ മുമ്പിൽ. മൂന്നാം പ്രാവശ്യം അവിടെ കൂടിനിന്നവരോടു. അപ്പോൾ കോഴികൂകി. യേശു പറഞ്ഞതു അവൻ ഓർത്തു. അതി ദുഃഖത്തോടെ അവൻ കരഞ്ഞു. തെററുചെയ്താൽ ഏററുപറയുവാനും പശ്ചാത്തപിക്കുവാനുമുള്ള കഴിവ് അവന് ഉണ്ടായിരുന്നു (മത്താ: 26:57-75).

യേശുവിൻെറ പ്രയാസഘട്ടങ്ങളിൽ പത്രോസ് മററു ശിഷ്യൻമാരെപ്പോലെ ഉറങ്ങിയിരുന്നു. യേശു പിടിക്കപ്പെടുന്നതിനു മുമ്പായി ശിഷ്യൻമാരോടു കൂടെ ഗത്ശെമന തോട്ടത്തിൽ പ്രാർത്ഥിക്കുന്നതിനായി ചെന്നു. അവിടെ എത്തിയപ്പോൾ ഞാൻ അവിടെ പോയി പ്രാർത്ഥിച്ചു വരുവോളം ഇവിടെ ഇരിപ്പിൻ എന്നു അവൻ ശിഷ്യൻമാരോടു പറഞ്ഞു. പത്രോസിനെയും സെബെദി പുത്രൻമാരെയും കൂട്ടിക്കൊണ്ടു ചെന്നു അവൻ ദുഃഖിച്ചും വ്യാകുലപ്പെട്ടും തുടങ്ങി. എൻെറ ഉള്ളം മരണവേദനപോലെ അതിദുഃഖിതമായിരിക്കുന്നു. ഇവിടെ താമസിച്ചു എന്നോടു കൂടെ ഉണർന്നിരിപ്പിൻ എന്നു അവരോടു പറഞ്ഞു. അൽപ്പം മുമ്പോട്ടു നീങ്ങി കമിഴ്ന്നു വീണു പ്രാർത്ഥിച്ചു. പിന്നെ അവൻ ശിഷ്യൻമാരുടെ അടുക്കൽ വന്നു. അവർ ഉറങ്ങുന്നതു കണ്ടു. പത്രോസിനോടു: എന്നോടു കൂടെ ഒരു നാഴികപോലും ഉണർന്നിരിപ്പാൻ നിങ്ങൾക്കു കഴിഞ്ഞില്ലയോ ?

★

(ശേഷം അടുത്ത ലക്കത്തിൽ)

YOUR ATTENTION PLEASE!

# Radio Srilanka Broadcasts

**ENGLISH**—The Voice of Truth—Speakers: Reggi Gnana-sundaram and J. C. Choate

All correspondence should be sent to The Voice of Truth.
Post Box 3815, New Delhi-110049.
Mondays — 9.00 to 9.15 P.M.
Fridays — 7.45 to 8.00 P.M.

**HINDI**—Satya Susamachar—Speaker. Sunny David.

All correspondence should be sent to Satya-Susamachar.
Post Box 3815, New Delhi-110049.
Sundays — 12.45 to 1.00 P.M.
Tuesdays — 9.00 to 9.15 P.M.
Thursdays — 9.00 to 9.15 P.M.
Fridays — 9.00 to 9.15 P.M.

**TELUGU**—The Voice of Truth—Speaker : Joshua Gootam

All correspondence should be sent to The Voice of Truth
Post Box 80, Kakinada-533001.
Sundays — 2.30 to 2.45 P.M.
Tuesdays — 2.30 to 2.45 P.M.
Thursdays — 2.30 to 2.45 P.M.
Fridays — 2.30 to 2.45 P.M.
Saturdays — 2.30 to 2.45 P.M.

**TAMIL**—"The Way of Truth"—Speaker: P. R. Swamy.

All correspondence should be sent to The Way of Truth
Post Box 8405, Bangalore 560084.
Tuesdays — 5.30 to 5.45 P.M.
Thursdays — 6 45 to 7.00 P.M.
Sundays — 6.45 to 7.00 P.M.

**MALAYALAM**—The Voice of Truth—Speaker : P. K. Varghese

All correspondence should be sent to Church of Christ
Trivandrum - 695034 Kerala.
Tuesdays & Fridays — 3.45 to 4.00 p.m.

**KANNADA**—The Voice of Truth—Speaker : Robert Rathnakar—Box. 448, Bangalore—560004
Sundays — 1.45 P.M.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

---

Edited, Printed and Published by P. K. Varghese Church of Christ Tvm: Printed at Joshah Printers for Santhosh Printers Trivandrum

Reg: No. K. Dis 90095/86/ A8, Regd. No. KL/TV (N) 22

**You are Cordially Invited**
**To Attend**
**Services and Bible studies**

**Sunday 10 a.m.**
**Tuesday 6.30 P.m.**

**Meeting place**

## CHURCH OF CHRIST BUILDING

**Sunny Meads Lane**
**Behind Sanskrit College, Palayam**
**Trivandrum - 695 034**

**All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum-34, Kerala, South India.**

From

**THE BIBLE TRUTH**
Church of Christ
Behind Sanskrit College
Thiruvananthapuram-695 034
Phone : 443378

To